# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2414** **14.06.2019-ൽ മറുപടിക്ക്**

## മഹാപ്രളയത്തിൽ കെ.എസ്.ഇ.ബി.ക്ക് ഉണ്ടായ നാശനഷ്ടം

| ചോദ്യം<br>ശ്രീ രാജു എബ്രഹാം | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) ആഗസ്റ്റ് 15 ന് ഉണ്ടായ മഹാപ്രളയം മൂലം വൈദ്യുതി വകുപ്പിന് എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത് എന്ന് കണക്ക് സഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ; മഹാപ്രളയത്തിൽ റാന്നി നിയോജകമണ്ഡലത്തിൽ കെ. എസ്. ഇ. ബി. ക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ വിശദമാക്കാമോ ; | (എ) പ്രളയവും കാലവർഷക്കെടുതിയും മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്ക് പ്രകാരം വൈദ്യുത ഉല്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ജില്ല | ജലവൈദ്യുത പദ്ധതികൾ | കണക്കാക്കിയുള്ള നഷ്ടം |
|---|---|---|
| തിരുവനന്തപുരം | ലോവർ മീൻമുട്ടി | 2 ലക്ഷം |
| പത്തനംതിട്ട | റാന്നി–പെരുനാട് | 300 ലക്ഷം |
| എറണാകുളം | ഇടമലയാർ | 1 ലക്ഷം |
| ഇടുക്കി | ലോവർ പെരിയാർ, പള്ളിവാസൽ, മൂലമറ്റം, പന്നിയാർ, വെള്ളത്തൂവൽ, മാട്ടുപ്പെട്ടി, തോട്ടിയാർ | 5295 ലക്ഷം |
| തൃശ്ശൂർ | പൊരിങ്ങൽ കുത്ത്, പി.എൽ.ബി.ഇ | 1000 ലക്ഷം |
| മലപ്പുറം | ആഢ്യൻപാറ | 1350 ലക്ഷം |
| കോഴിക്കോട് | കക്കയം,ഉറുമി-II, പൂഴിത്തോട്, ചെമ്പുകടവ് - II | 137 ലക്ഷം |
| **ആകെ** | | **8085 ലക്ഷം** |

പ്രസരണ വിഭാഗത്തിൽ 29.771 കോടിരൂപയുടെ നാശ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. വിവിധ ജില്ലകളിലായി വിതരണമേഖലയിൽ, കെ.എസ്.ഇ.ബിയുടെ ലൈനുകൾക്കും പോളുകൾക്കും ട്രാൻസ്ഫോർമറുകൾക്കും ഉണ്ടായ നഷ്ടം 85.03 കോടി രൂപയായും, മറ്റു പ്രതിഷ്ഠാപനങ്ങൾക്കുള്ള നഷ്ടം 7.42 കോടി രൂപയായും കണക്കാക്കിയിരുന്നു. വീടുകളുടെ വയറിങ്ങിനും മീറ്ററുകൾക്കും സംഭവിച്ച കേടുപാടുകൾക്കുള്ള 150 കോടി രൂപയുടെ നഷ്ടം അടക്കം 242.45 കോടി രൂപയുടെ നാശനഷ്ടങ്ങൾ വിതരണമേഖലയിൽ സംഭവിച്ചതായി വിലയിരുത്തുന്നു. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടിരൂപയുടെ വരുമാന നഷ്ടവും കെ.എസ്.ഇ.ബി – യ്ക്ക് വന്നിട്ടുണ്ട്.

ജനറേഷൻ മേഖലയിൽ, കെ.എസ്.ഇ.ബി – യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പൊരിങ്ങൽകുത്ത്, ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, വെള്ളത്തൂവൽ, റാന്നി–പെരുനാട്, ആഢ്യൻ പാറ, ബാരാപോൾ, ചെമ്പുകടവ് - II മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി - II വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും, പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കൂടാതെ മൂലമറ്റം, കക്കയം മുതലായ വൻകിട ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലും പ്രളയത്തെ തുടർന്നു മണ്ണിടിച്ചിലും മറ്റു മൂലം നാശനഷ്ടങ്ങളും ഉണ്ടായി,

<u>പ്രളയം മൂലം റാന്നി നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ.</u>

പത്തനംതിട്ട ജില്ലയിയിലെ റാന്നി നിയോജക മണ്ഡലത്തിൽ റാന്നി–പെരുനാട് ജലവൈദ്യുത പദ്ധതിക്ക് ഏകദേശം 300 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പദ്ധതിയിലെ ജനറേറ്റർ അനുബന്ധ

ഉപകരണങ്ങളായ ഗവേർണർ സിസ്റ്റം പാനലുകൾ, എക്സൈറ്റേഷൻ സിസ്റ്റം മുതലായവ പൂർണ്ണമായും വെള്ളം കയറി നശിച്ച് അവസ്ഥയിലായിരുന്നു.

മഹാപ്രളയത്തിൽ റാന്നി നിയോജക മണ്ഡലത്തിൽ പ്രസരണ ലൈനിലെ ചില ടവറുകളുടെ അസ്ഥിവാരങ്ങൾ ബലപ്പെടുത്തുക, ലൈനുകളുടെ കേടുപാടുകൾ ഇല്ലാതാക്കുക തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പത്തനംതിട്ട ട്രാൻസ്മിഷൻ ഡിവിഷനിൽ നിന്നും 89,124/- രൂപ ചിലവായിട്ടുണ്ട്. കൂടാതെ ട്രാൻസ്ഫോർമറുകൾ , ലൈനുകൾ, പോസ്റ്റുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവക്ക് ഉണ്ടായ നഷ്ടം 2.46 കോടി രൂപയായി കണക്കാക്കി യിരുന്നു. KSEBLന്റെ ഓഫീസുകൾക്കും വാഹനങ്ങൾക്കും 6.2 ലക്ഷം രൂപയുടെ നാശനഷ്ടവും സംഭവിച്ചിരുന്നു

| | |
|---|---|
| (ബി) നാശനഷ്ടം സംഭവിച്ച എത്ര പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും വൈദ്യുതി ലൈനുകളും മാറ്റി സ്ഥാപിച്ചു എന്ന് പറയാമോ; ഇതിനായി എത്ര രൂപ ചെലവായി എന്ന് ഇനം തിരിച്ച് വിശദമാക്കാമോ ? | (ബി) പ്രളയത്തിൽ നാശം സംഭവിച്ച 103255 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 41.302 കോടി രൂപയും കേടായ 1735 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്ന തിലേക്കായി 17.35 കോടി രൂപയും കേടുപാടുകൾ സംഭവിച്ച 5276 കി.മീ. വൈദ്യുതലൈനുകൾ പുന:സ്ഥാപിക്കുന്നതിലേക്കായി 26.40 കോടി രൂപയും ചേർത്ത് ആകെ 85.03 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ